# പ്രതികരണങ്ങൾ — 15



പ്രതികരണങ്ങൾ — 15
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: A Fisherman's Daughter, a painting by Jules Breton (1827–1906). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## ജി. ശങ്കരക്കുറുപ്പ്: ഭാഷാ ദീപിക

**എൻ. എം. ഇന്ദിര:** ഭാഷാദ്ധ്യാപകരും, ഭാഷാ സാഹിത്യം പഠിക്കുന്ന വിദ്യാർത്ഥികളും അവശ്യം വായിച്ചിരിക്കേണ്ട ഒരു കൃതിയാണ് ജി. ശങ്കരക്കുറുപ്പിന്റെ ഭാഷാ ദീപിക. പദ്യത്തിലും, ഗദ്യത്തിലുമുള്ള ഉദാഹരണങ്ങൾ, മൊഴിമാറ്റങ്ങളിൽ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങൾ, ഭാഷാ സ്നേഹികൾ അറിഞ്ഞിരിക്കേണ്ട സകലവിഷയങ്ങളും ലളിതവും സരവുമായ രീതിയിൽ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. വ്യാകരണ ഗ്രന്ഥത്തിന്റെ വിരസത തൊട്ടുതീണ്ടാത്ത, സാഹിത്യ പഠിതാക്കൾക്കിഷ്ടപ്പെടുന്നവിധത്തിലുള്ള ഒരു പ്രതിപാദന രീതി ഈ പുസ്തകത്തെ വേറിട്ട് നിർത്തുന്നു. ഇത്തരം വേറിട്ട കൃതികളെ പരിചയപ്പെടുത്തിയ സായാഹ്നയ്ക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. കൂടാതെ നല്ല നല്ല കഥകൾകൊണ്ടും ആഴത്തിലുള്ള പഠനങ്ങൾ, ലേഖനങ്ങൾ എന്നിവകൊണ്ടും സമ്പുഷ്ടമായ സായാഹ്നയും വേറിട്ടൊരനുഭവമാണ് സഹൃദയർക്ക് നൽകുന്നത്.

## വി. മുസഫർ അഹമ്മദ്: ടൂറിങ് ടാക്കീസ്

**കരുണാകരൻ:** മുസാഫിർ അഹമ്മദ് എഴുതിയ കഥ, “ടൂറിംഗ് ടാക്കീസ്” വായിച്ചു. ഈ രാവിലെ, നല്ല പകൽ വെളിച്ചത്തിൽ. കഥ ഇഷ്ടമായി. “ആത്മകഥ”യുടെ രൂപം (Form) സ്വീകരിച്ചതുകൊണ്ടാകും കഥയുടെ ഘടന കൃത്യമായ ഒരു ചതുരമായത്, കഥയ്ക്കും ഒരു ബൌണ്ടറി ഉള്ളപോലെ. (ചലച്ചിത്രങ്ങൾ എന്നെ എപ്പോഴും ആകർഷിക്കുന്നത് അവയുടെ Fluid ആയ ഘടനകൊണ്ടാണ്, എല്ലാ ‘കാല’ത്തിലേക്കും (“സ്ഥല”ത്തിലേക്കും) അവ ഒരേ സമയം ഓളം വെട്ടുന്നു.) കഥയ്ക്ക് വരച്ച രണ്ടു രീതി ചിത്രങ്ങളും രസമായി, ഒരാൾക്ക് (രജീഷ്) കഥ ‘കഥയിൽ’ നടക്കുന്നപോലെ, ഒരാൾക്ക് (അഷ്‌റഫ് മുഹമ്മദ്) കഥ ‘വെള്ളി വെളിച്ച’ത്തിൽ നടക്കുന്നപോലെ... നന്ദി!

**അഷ്‌റഫ് മുഹമ്മദ്:** (സമയത്തിന് വില പിടിപ്പുള്ള കുറേയേറെ വ്യക്തികൾ ഉള്ളതു കൊണ്ട്, കുറിപ്പ് സ്വല്പം അധികമായതിൽ ഖേദം രേഖപ്പെടുത്തിക്കൊണ്ട്, കുറിക്കുന്നു).

കഥ വായിക്കുമ്പോൾ വരയ്ക്കുന്നതും, വായിച്ചിട്ട് വരയ്ക്കുന്നതും, വായിച്ച് വളരെ ശേഷം വരയ്ക്കുന്നതും തമ്മിൽ ധാരാളം വ്യത്യാസം ഉണ്ടാകും. കഥ അപ്പപ്പോൾ ഉണർത്തുന്ന വൈകാരികവീക്ഷണങ്ങൾ വരയിൽ പ്രതിഫലിക്കും. ഒരു പെന്നിനും പെൻസിലിനും പറയാനുള്ളത് പോലും വ്യത്യസ്തമായ കാഴ്ചകൾ ആയിരിക്കും. കമ്പ്യൂട്ടർ സ്ക്രീനിൽ ആണ് വരയ്ക്കുന്നതെങ്കിൽ വളരെ വ്യത്യാസപ്പെട്ട കാഴ്ചപ്പാടിൽ ആയിരിക്കും വരയുക. വേണമെങ്കിൽ മായ്ക്കാൻ കഴിയുന്ന സൗകര്യങ്ങളും (പെൻസിൽ), തീരെ മായ്ക്കാൻ കഴിയാത്ത പരിമിതികളും (പേന, ബ്രഷ്) മായ്ക്കുക മാത്രമല്ല ആകെ മാറ്റിമറിക്കാവുന്ന ആർഭാടസൗകര്യങ്ങളും (കമ്പ്യൂട്ടർ) ഒരേ കഥയോട് ബന്ധപ്പെട്ട പ്രമേയം ആയാൽ പോലും, വരയുടെ വ്യാകരണത്തിൽ മാറ്റം വരുത്തും. (ഒരേ വിഷയം ‘ഷർട്ടിടാതെ’—രണ്ടാമതൊന്ന് ആലോചിക്കാതെ കുടുംബത്തിലും, വെറും ഒരു ‘ഷർട്ടിട്ട്’ കൂട്ടുകാർക്കിടയിലും, ‘ഇസ്തിരിയിട്ട ഷർട്ട്’ നന്നായണിഞ്ഞു (മൈക്കിലൂടെ) അറിയാത്തവരുടെ മുന്നിലും സംസാരിക്കുമ്പോൾ വ്യത്യസ്തമാവുന്ന ഭാഷ പോലെ അത് മാറും. ആത്മാർത്ഥതയുടെ, സത്യസന്ധതയുടെ ഏറ്റക്കുറച്ചിലും കണ്ടെന്നുവരാം).

വ്യക്തിപരമായ വീക്ഷണ വ്യത്യാസങ്ങൾ കൂടാതെത്തന്നെ ഒരേ ചിത്രകാരന്റെ വിവിധ നേരത്തെ ചിത്രങ്ങൾ തമ്മിൽ പോലും ഏറെ വ്യത്യാസങ്ങൾ ഉണ്ടാകും.

അങ്ങനെയിരിക്കെ ഒരേ കഥയ്ക്ക് രണ്ട് ചിത്രകാരൻമാരുടെ ചിത്രീകരണങ്ങൾ വെച്ചുള്ള രണ്ടു പതിപ്പുകൾ ഇറക്കി സായാഹ്ന പ്രതികരണങ്ങൾ ആരാഞ്ഞത് വളരെ കൗതുകകരവും രസകരവും ആയി അനുഭവപ്പെട്ടു.

കഥയിലെ സന്ദർഭങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പെൻസിലോ—പേനയോ ഉപയോഗിച്ച് രജീഷ് വരച്ചത് കുടുംബത്തിൽ ഇരുന്നു സംസാരിക്കുന്നത് പോലെ ലളിതമായിട്ടാണ്. ‘കുട്ടികളെപ്പോലെ’ത്തന്നെ സത്യം പറയുന്ന നിഷ്കളങ്കമായ ചിത്രങ്ങൾ ആണവ.

എപ്പോഴോ കഥ വായിച്ചു കഴിഞ്ഞു പിന്നീട് കമ്പ്യൂട്ടർ ഉപയോഗിച്ച് വരയ്ക്ക് കഥയേക്കാൾ പ്രാധാന്യം കൊടുത്തു വരച്ച എന്റെ ചിത്രങ്ങളേക്കാൾ കഥയ്ക്ക് കൂടുതൽ അനുയോജ്യമായത് രജീഷ് വരച്ച ചിത്രങ്ങൾ തന്നെയാണ്. നേരിട്ട് കേൾക്കുന്ന ഫുട്ബാൾ കമന്ററി പോലെ ചടുലമാണ് അത്. എന്റെ വര കളി കഴിഞ്ഞിട്ടുള്ള ഒരു പത്രറിപ്പോർട്ടും.

**തോമസ് സ്കറിയ:** ഒരു കഥയ്ക്ക് രണ്ട് ചിത്രകാരന്മാരുടെ ചിത്രീകരണങ്ങൾ വെച്ചുള്ള രണ്ടു പതിപ്പുകൾ പ്രസിദ്ധീകരിച്ചത് വളരെ കൗതുകകരമായി തോന്നി. കഥാകാരനും ചിത്രകാരന്മാർക്കും ഒപ്പം സായാഹ്നയ്ക്കും അനുമോദനങ്ങൾ.

കഥാകാരന്മാർക്കൊപ്പം ചിത്രകാരന്മാരെയും വായനക്കാർക്കു പരിചയപ്പെടുത്തുന്നത് നന്നാവുമെന്നു തോന്നുന്നു.

## സഞ്ജയൻ: സഞ്ജയന്റെ പ്രത്യേക വിജ്ഞാപനം

**അഷ്‌റഫ് മുഹമ്മദ്:** സരസംഭാഷണത്തോടെ, സമരസത്തോടെ ഗൗരവമായ കാര്യങ്ങൾ സധീരം അവതരിപ്പിക്കുന്ന സഞ്ജയനെ വേണ്ടും വിധം വീണ്ടും കൊണ്ടുവരാൻ തോന്നിയ സായാഹ്നയ്ക്കു് പൂച്ചെണ്ടുകൾ.

(ഇവരുടെയെല്ലാം പ്രഭാവം മങ്ങി വരികയും പ്രകാശം കുടി വരികയും ചെയ്യുന്ന ഇക്കാലത്ത് ഇവ കൂടുതൽ ഊട്ടേണ്ടതുണ്ട്. പുരാതന KKN-ന്റെ ആധുനിക വേർഷൻ ആയിക്കാണാവുന്ന MRN-ന്റെ, അത്യാധുനിക വേർഷൻ ആണോ നമ്മുടെ VKN!)

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റ് ചർച്ചകൾ:

**രാധാകൃഷ്ണൻ:** ഓഗസ്റ്റ് 2020 വരെ പ്രസിദ്ധീകരിച്ച ഫോൺ പതിപ്പുകളുടെ കാറ്റലോഗ് ഈ കണ്ണിയിൽ:

http://books.sayahna.org/ml/pdf/releases-aug-20.pdf

ഒൻപതു് വിഭാഗങ്ങളിലായി 197 ഫോൺ പതിപ്പുകൾ ഓഗസ്റ്റ് 31 വരെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. വായനക്കാരുടെ നിസ്സീമമായ സഹകരണമാണു് ഇതു് സാദ്ധ്യമാക്കിയതു്.

1. കഥ, നോവൽ, നാടകം,… (27)
2. ലേഖനം, നിരൂപണം, ജീവചരിത്രം, അഭിമുഖം,… (53)
3. കവിത (22)
4. ഭാഷാശാസ്ത്രം, വ്യാകരണം (9)
5. കല, കാർട്ടൂൺ, കലിഗ്രാഫി (17)
6. പ്രതികരണങ്ങൾ (14)
7. സാഹിത്യവാരഫലം (36)
8. ഐതിഹ്യമാല (13)
9. പലവക (6)

– സായാഹ്ന ഫൗണ്ടേഷനുവേണ്ടി രാധാകൃഷ്ണൻ

**ദാമോദർ പ്രസാദ്:** ഇതു വരെ സായാഹ്ന പ്രസിദ്ധീകരിച്ചവയുടെ കാറ്റലോഗ് നല്കിയതു് ഉചിതമായി.

കെ. വിനോദ് ചന്ദ്രൻ ഗുരുവിനെ കറിച്ചെഴുതിയ രണ്ടു തത്വചിന്താപരമായ ലേഖനങ്ങൾ വായിക്കാൻ അതു് ആദ്യം പ്രസിദ്ധീകരിച്ച സമയത്തു് കഴിഞ്ഞിരുന്നില്ല. വീണ്ടും ഒരിടത്തു തന്നെ കിട്ടിയതിനാൽ വായിക്കാൻ തരമായി. ആദ്യഭാഗമാണു് വായിച്ചതു്.

ഗുരുവിന്റെ യോഗാത്മക ചൈതന്യത്തെ പ്രസരിപ്പിക്കുന്നതാണു് വിനോദ് ചന്ദ്രന്റെ എഴുത്തു്. ആധുനികതക്കപ്പുറം ഗുരുദർശനത്തിൽ അന്തഃസ്ഥിതമായ ജൈവികമായ "നാടോടി പ്രബുദ്ധത"യെന്നതാണു് വിനോദ് ചന്ദ്രൻ വിശദമാക്കുന്നതു്.

അദ്വൈതത്തിന്റെ അപസ്ഥലീകരണത്തെ (de territorialization) നെക്കുറിച്ച് വിനോദ് ചന്ദ്രൻ ദല്യൂസിന്റെ ചിന്താസരണികളെ പിന്തുടർന്നുകൊണ്ടു് നിരീക്ഷിക്കുന്നുണ്ടു്. ബി. രാജീവൻ അദ്വൈതത്തിന്റെ ന്യൂനീകരണമെന്നാണു് (minorization) അതിനെ വിളിക്കുന്നതു്.

അതു് ഒരേ സമയം, ഹൈന്ദവതയുടെ ബൃഹദാഖ്യാനത്തിൽ നിന്നു് അദ്വൈതത്തെ വിമോചിക്കുന്നതിനോടൊപ്പം ആധുനികതയുടെ വ്യവഹാരികതയിൽ നിന്നു് രൂപപ്പെട്ട അദ്വൈതമെന്ന അതീത സങ്കല്പത്തെ ജീവലോകത്തിന്റെ മൂർത്ത പരിസരത്തിൽ അനുകമ്പയുടെയും അപരനോടുള്ള അപാര പ്രേമത്തിന്റെയും ആവിഷ്ക്കാരമായി കാണുന്നു.

ഭേദാഭേദ ചിന്തകളും ശീലങ്ങളും ഉപേക്ഷിച്ചു്, അല്ലെങ്കിൽ കുറ്റിപ്പുഴ കൃഷ്ണപിള്ളയ്ക്കു് സൂചന നല്കിയ വിധത്തിൽ പപ്പടം പോലെ പൊടിച്ചു്, ആത്മകൃത്തിന്റെ ദ്വൈതരാഹിത്യമായാണു് ഗുരുവിന്റെ അപസ്ഥലീകരിക്കപ്പെട്ട അദ്വൈത ദർശനം അതുൾക്കൊണ്ട ഒരോരുത്തരിലും ജ്വലിക്കുന്നതു്.

വിനോദ് ചന്ദ്രന്റെ ലേഖനത്തിന്റെ ആദ്യഭാഗത്തിൽ നിന്നു് ഒരു നിരീക്ഷണം ഇതാ ഇങ്ങനെയാണു്:

> "അരുളൻപനുകമ്പ മൂന്നിനും
> പൊരുളൊന്നാണിതു് ജീവതാരകം
> 'അരുളുള്ളവനാണു ജീവി'യെ-
> ന്നുരുവിട്ടീടുകയീ നവാക്ഷരി."
>
> (അനുകമ്പാ ദശകം 3)

"അരുളുള്ളവനാണു് ജീവി" എന്ന നിർവ്വചനം മാനവികതയുടെ ചക്രവാളങ്ങളെ ഭേദിക്കുന്നു. ദുരിതക്കടൽതാണ്ടുവാൻ ജീവിയെ സഹായിക്കുന്ന "ജീവതാരകമായ" "നവാക്ഷരിയാണു്" ഗുരുനൈതികതയുടെ ബീജമന്ത്രം. ആത്മസുഖവും അപരസുഖവും അപരജീവി സുഖവും ഒന്നാവുന്നു. അപര മനുഷ്യരെന്നപോലെ അപരജീവികളും ആത്മസഹോദരങ്ങളാകുന്നു, യുഗ്മകളാകുന്നു. ദ്വന്ദ്വങ്ങൾ, ആത്മാപര വൈരുദ്ധ്യങ്ങൾ, തകർക്കപ്പെടുന്നതു് താത്വിക ചിന്തയിലൂടെയോ യോഗാനുഷ്ഠാനങ്ങളിലൂടെയോ അല്ല, അരുൾ എന്ന ഭാവശക്തിയുടെ ഭൗതിക നൈതിക പ്രവർത്തനങ്ങളിലൂടെയാണു്. സഹജീവിയോടുള്ള ആർദ്രതയിലൂടെയാണു്…

മലയാളത്തിൽ ഗുരുദർശനത്തെക്കുറിച്ചു് ഒട്ടനവധി അന്വേഷണങ്ങളും എഴുത്തുകളുമുണ്ടായിട്ടുണ്ടു്. പി. കെ. ബാലകൃഷ്ണൻ, ടി. ഭാസ്കരൻ, ഡോ. സുഗതൻ, നിത്യചൈതന്യയതി… എന്നിങ്ങനെയുള്ളവരുടെ എഴുത്തുകളുടെ ഒരു ഘട്ടം.

അതിനുശേഷം, തത്വചിന്താപരമായ പുതിയ ഉൾവെളിച്ചത്താൽ മൗലികമായ രീതിയിൽ സമീപിച്ച എഴുത്തുകളാണു് നിസ്സാർ അഹമദ്, ബി. രാജീവൻ, കെ. വിനോദ് ചന്ദ്രൻ എന്നിവരുടേതു്.

പാശ്ചാത്യ ഉത്തരാധുനിക ചിന്തകർ അവതരിപ്പിച്ച സങ്കല്പനങ്ങളെ അവർ ഗുരു പഠനത്തിലേക്കു് (Guru Studies) കൊണ്ടുവന്നു. വഴിത്തിരിവായ അന്വേഷണങ്ങളാണു് അതൊക്കെ.

അതിനെ പിൻപറ്റിക്കൊണ്ടു് പലരും സമാനമായ വിധത്തിൽ വിസ്തരിച്ചു എഴുതുന്നുണ്ടെങ്കിലും, ചിന്താപരമായി മൗലികതയുടെ അഭാവം നിമിത്തമാകാം പഴയകാര്യങ്ങളുടെ പുനരാവിഷ്ക്കാരം മാത്രമായി അവശേഷിക്കുന്നു…

Minorization ന്യൂനപക്ഷവല്ക്കരണമെന്നാണു്. ന്യൂനീകരണമെന്നല്ല.

(സെപ്റ്റംബർ 2 മുതൽ 5 വരെ ലഭിച്ച പ്രതികരണങ്ങളാണു് ഈ ലക്കത്തിലുള്ളതു്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014